പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3302

14.03.2018 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര ജില്ലാ ആശുപത്രിയിൽ, ജില്ലാ ആശുപത്രിക്കനുസൃതമായി തസ്തികകൾ സൃഷ്ടിച്ച്, നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ; | (എ) & (ബി) | പദവി ഉയർത്തുക എന്നതല്ല നിശ്ചിത മാനദണ്ഡങ്ങളോടെ മെച്ചപ്പെട്ട സൗകര്യവും ആവശ്യമായ തസ്തികകളും അനുവദിച്ച് ഘട്ടംഘട്ടമായി സംസ്ഥാനത്തെ ആശുപത്രികളുടെ നിലവാരം ഉയർത്തുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടികയിൽ മാവേലിക്കര ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടില്ല. ആർദ്രം പദ്ധതിയിൽ ടി ആശുപത്രി ഉൾപ്പെടുന്ന പക്ഷം ഇവിടത്തെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയെ ജില്ലാ ആശുപത്രി നിലവാരത്തിൽ ഉയർത്തുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ